# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 3259. 21..12..2012-ൽ മറുപടിക്ക്

## വ്യാജ പാൽ വിൽപന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം 2012 നവംബർ 30 വരെ പാലിന്റെ വില എത്ര തവണ കൂട്ടി; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാൽവില എത്ര രൂപയായിരുന്നു ; ആയത് ഇപ്പോൾ എത്രയാണ് ; എത്രശതമാനം വില വർദ്ധന ഉണ്ടായി ; വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം 2012 നവംബർ 30 വരെ പാലിന്റെ വില രണ്ടു തവണ വർദ്ധിപ്പിച്ചു. 05..09..2011-ൽ ലിറ്ററിന് 5 രൂപയും 14..10..2012-ൽ ലിറ്ററിന് 5 രൂപയുമാണ് വർദ്ധിപ്പിച്ചത്.<br>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മിൽമയുടെ ടോൺഡ് പാലിന്റെ വില ലിറ്ററിന് 23 രൂപയായിരുന്നു. ഇപ്പോൾ ടോൺഡ് പാലിന്റെ വില ലിറ്ററിന് 33 രൂപയാണ്. അതായത് 43% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) കേരളമാകെ വ്യാജ പാൽ വിൽപ്പന നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ഇല്ല. |
| (സി) വ്യാജ പാൽ വിൽപന വർദ്ധിക്കാനുണ്ടായ കാരണം എന്തൊക്കെയാണ് ; വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (സി) | ബാധകമല്ല. |
| (ഡി) വ്യാജ പാലിൽ ഏതൊക്കെ മാരക വിഷങ്ങൾ അടങ്ങിയിട്ടുണ്ടെന്നാണ് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര അതോറിറ്റി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചത് ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ; | (ഡി) | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ കേരളത്തിൽ വ്യാജ പാൽ വിൽക്കുന്നതായി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സംസ്ഥാനത്ത് നിന്ന് ശേഖരിച്ച പാൽ സാമ്പിളുകൾ നിശ്ചിത നിലവാരം പുലർത്തുന്നില്ല എന്ന റിപ്പോർട്ടാണ് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ സമർപ്പിച്ചിട്ടുള്ളത്. പരിശോധനയിൽ |

| | | | |
|---|---|---|---|
| | | | നിശ്ചിത ഗുണ നിലവാരം ഇല്ലായെന്ന് കണ്ടെത്തിയ ഹെറിറ്റേജ് പദ്മനാഭ, മെയ്യു, ജേഷ്ഠ, കെ.സി.എ, ലയ എന്നീ പാൽ ബ്രാൻഡുകൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. |
| (ഇ) | മാരക രാസവസ്തുവായ ഹൈഡ്രജൻ പെറോക്സൈഡ് പാൽ കേടാകാതിരിക്കാൻ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപയോഗിക്കുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഗുണ നിലവാരമില്ലാത്ത പാൽ കൂടുതൽ വിതരണം ചെയ്യുന്നത് കേരളത്തിലാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (എഫ്) | കൊഴുപ്പോ കൊഴുപ്പിതര ഘടകവസ്തുക്കളോ നിശ്ചിത അളവിൽ കുറവായ പാൽ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയതായി നിലവിൽ വന്ന ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ വകുപ്പ് 51 പ്രകാരം നിശ്ചിത ഗുണനിലവാരമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ വിൽപ്പന നടത്തുന്നത് 5 ലക്ഷം രൂപ വരെ പിഴ ഈടാക്കാവുന്ന കുറ്റ കൃത്യമാണ്. നിയമം പൂർണ്ണമായി നടപ്പാക്കി തുടങ്ങുമ്പോൾ നിശ്ചിത ഗുണനിലവാരമില്ലാത്ത പാൽ വിൽപ്പന നടത്തുന്നവർക്കെതിരെ സെക്ഷൻ 51 പ്രകാരം അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | കർഷകന് ഒരു ലിറ്റർ പാലിന് ലഭിക്കുന്ന വില എത്രയാണ് ; | (ജി) | ശരാശരി ഗുണനിലവാരമുള്ള (4.1% കൊഴുപ്പും 8.3% എസ്.എൻ.എഫും) ഒരു ലിറ്റർ പാലിന് ക്ഷീര കർഷകന് ലഭിക്കുന്ന വില ലിറ്ററിന് 27.66 രൂപയാണ്. |
| (എച്ച്) | മിൽമയിലെ ധൂർത്ത് അവസാനിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ? | (എച്ച്) | മിൽമയിലെ ധൂർത്ത് സംബന്ധിച്ച് ആക്ഷേപമോ പരാതിയോ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ